പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4371</u> <u>21.03.2018-ൽ മറുപടിയ്ക്ക്</u>

## ലൈറ്റ് മെട്രോ പദ്ധതികളുടെ കരാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, ഹൈബി ഈഡൻ<br>,, വി.ടി.ബൽറാം<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ | | പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോകളുടെ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ കൺസൾട്ടന്റായി ഡി.എം.ആർ.സി. യെ നിയമിച്ചിരുന്നോ; | (എ) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി - യെ നിയമിച്ചിരുന്നു. |
| (ബി) | ഇതു പ്രകാരം വിശദമായ പ്രോജക്ട് റിപ്പോർട്ടും, ഡി.എം.ആർ.സി.യും കെ.ആർ.ടി.സി. യും തമ്മിൽ ഒപ്പുവയ്ക്കേണ്ടതായ മുന്നൊരുക്ക ജോലികളുടെ കരാറും ഡി.എം.ആർ.സി. തയ്യാറാക്കി 2016 ഡിസംബറിലും 2017 ആഗസ്റ്റിലും സമർപ്പിച്ചിരുന്നോ; | (ബി) | തിരുവനന്തപുരത്ത് മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള കരാറിന്റെ കരട് ഡി.എം.ആർ.സി. സമർപ്പിച്ചിരുന്നു. |
| (സി) | പ്രസ്തുത കരാർ ഒപ്പു വച്ചിരുന്നോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (സി) | മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതലയുടെ കരാർ ഒപ്പു വെച്ചിട്ടില്ല. 18.12.2017 ന് കൂടിയ കെ.ആർ.ടി.എൽ ബോർഡ് യോഗത്തിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏതെങ്കിലും ഏജൻസിയെ ടേൺകീ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പകരം ഇതിനായുള്ള ഏജൻസിയെ ദർഘാസിലൂടെ കണ്ടെത്താനാണ് തീരുമാനിച്ചത്. |
| (ഡി) | പദ്ധതിയിൽ നിന്നും പിൻമാറാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഡി.എം.ആർ.സി. സർക്കാരിന് കത്ത് നൽകിയിരുന്നോ; പ്രസ്തുത കത്തിന് മറുപടി നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | പദ്ധതിയിൽ നിന്ന് പിന്മാറാൻ അനുവദിക്കണമെന്ന് ഡി.എം.ആർ.സി. ആവശ്യപ്പെട്ടിട്ടില്ല. 24.01.2018 ലെയും, 16.02.2018 ലെയും അവരുടെ കത്തുകൾ മുഖേന പദ്ധതിയിൽ നിന്ന് പിന്മാറാനുള്ള അവരുടെ തീരുമാനം അറിയിക്കുകയാണ് ഉണ്ടായത്. പ്രസ്തുത കത്തുകൾക്ക് മറുപടി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ